


എനർജി മാനേജ്മെന്റ് സെന്റർ സംഘടിപ്പിച്ച രാജ്യാന്തര ഊർജമേള മന്ത്രി കെ.കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു.

# രാജ്യാന്തര ഊർജമേള ഇന്നു സമാപിക്കും

തിരുവനന്തപുരം ● തൈക്കാട് പൊലീസ് മൈതാനിയിൽ നടക്കുന്ന കേരള രാജ്യാന്തര ഊർജ മേള ഇന്ന് സമാപിക്കും. ഊർജ വകുപ്പിന് കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററാണ് സംഘാടകർ.

വൈകിട്ട് 4 നു സമാപന സമ്മേളനം മന്ത്രി കെ.കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും. വിജയിക്ക് ഒരു ലക്ഷം രൂപ സമ്മാനം ലഭിക്കുന്ന ക്വിസ് മത്സരത്തിന്റെ ഫൈനലും ഇന്നു നടക്കും. മന്ത്രി .കെ.കൃഷ്ണൻകുട്ടിയാണ് മേള ഉദ്ഘാടനം ചെയ്തത്. സംസ്ഥാന ഊർജ സംരക്ഷണ അവാർഡുകളും മന്ത്രി വിതരണം ചെയ്തു. ഊർജ വകുപ്പ് അഡിഷനൽ ചീഫ് സെക്രട്ടറി കെ.ആർ.ജ്യോതിലാൽ അധ്യക്ഷനായിരുന്നു. എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ.ആർ.ഹരികുമാർ, സംസ്ഥാന ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ജി.വിനോദ്, എനർജി മാനേജ്മെന്റ് സെന്റർ റജിസ്ട്രാർ ബി.വി. സുഭാഷ് ബാബു എന്നിവർ പ്രസംഗിച്ചു. കാർബൺരഹിത കേരളം എന്ന പ്രമേയത്തിലാണ് മേള സംഘടിപ്പിച്ചിരിക്കുന്നത്.